

# അന്നമനട ക്രിസ്തുരാജ ഇടവക

വിവിധ മതസ്തരായ ജനങ്ങളുടെയും അവരുടെ ആരാധനാലയങ്ങളുടെയും സൗഹാർദ്ദമായ സഹവർത്തിത്വത്തിന്റെ വേദിയായി അന്നമനട നിലകൊള്ളുന്നു.

എടയാറ്റൂർ, അന്നമനട പ്രദേശം മേലഡൂർ ഇടവകയുടെ ഭാഗമായിരുന്നു. അന്നമനടയിൽ ഒരു പള്ളി എന്ന ചിന്ത വന്നപ്പോൾ പൊതു ധാരണയ്ക്കുവേണ്ടി അന്നമനടയോട് തൊട്ട് കിടക്കുന്ന കുമ്പിടിയുടെയും കല്ലൂരിന്റെയും സമീപപ്രദേശങ്ങൾ സഹകരിച്ച് രൂപം കൊടുക്കുന്ന ഒരിടവക എന്ന കാഴ്ചപ്പാടിലാണ് കാര്യങ്ങൾ മുന്നേറിയത്. അതിനാൽ മേലഡൂർ, അമ്പഴക്കാട്, കുമ്പിടി എന്നീ പള്ളികളുടെ വികാരിമാർ ഒത്തുചേർന്ന് കമ്മിറ്റി രൂപീകരിച്ച് അഭിവന്ദ്യ ജോസഫ് കുണ്ടുകുളം, അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ എന്നീ പിതാക്കന്മാരുടെ നിർദ്ദേശാനുസരണം പള്ളിക്ക് ഉചിതമായി കരുതിയ ഇപ്പോഴത്തെ സ്ഥലം നിർണ്ണയിക്കുകയും മേലഡൂർ പള്ളി വികാരിയുടെ നേതൃത്വത്തിൽ കാര്യങ്ങൾ നടത്താൻ നിശ്ചയിക്കുകയും ചെയ്തു. ബഹു. ഇഗ്നേഷ്യസ് ചുങ്കത്ത് അച്ചന്റെ നേതൃത്വത്തിൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് 1980 ഡിസംബർ 25-ാം തിയ്യതി ദേവാലയത്തിന് ശിലാസ്ഥാപനകർമ്മം നടത്തി പണിയാരംഭിച്ചു. കുറച്ചുകാലം കഴിഞ്ഞ് ബഹു. ചുങ്കത്ത് അച്ചൻ സ്ഥലം മാറിപ്പോയപ്പോൾ ബഹു. സെബാസ്റ്റ്യൻ വലിയവീട്ടിൽ അച്ചൻ മേലഡൂർ വികാരിയായിവന്നു.

## പള്ളി, ഇടവക

അച്ചന്റെ അത്യുത്സാഹത്താൽ വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തി, പണികൾ ത്വരിതപ്പെടുത്തുകയും ഭംഗിയായി പൂർത്തിയാക്കുകയും ചെയ്തു. 1985 നവംബർ 24-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂദാശാകർമ്മം നടന്നു. അന്നുതന്നെ, നിശ്ചിത അതിർത്തികളോടെ ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു (DL/4/85, 767.30.10.85 wef 24.11.85). അനേകവർഷം മേലഡൂർ വികാരിയായിരുന്ന, ദിവംഗതനായ ബഹു. ജോർജ്ജ് മാളിയേക്കൽ അച്ചന്റെ സേവനം നന്ദിയോടെ സ്മരിക്കുന്നു.

പള്ളിപ്പണിയുടെ കാലഘട്ടത്തിൽ ദീർഘകാലം വിശിഷ്ടസേവനം ചെയ്ത കൈക്കാരന്മാരാണ് ശ്രീ. കണ്ണമ്പിള്ളി ആന്റണി, ശ്രീ. കാട്ടൂക്കാരൻ ജോർജ്ജ് എന്നിവർ. പള്ളി നിർമ്മാണകമ്മിറ്റിയുടെ അംഗങ്ങളായി വിശിഷ്ടസേവനം ചെയ്തവരാണ് മൺമറഞ്ഞ ശ്രീ. കണ്ണമ്പിള്ളി ആന്റണി, ശ്രീ. കണ്ണമ്പുഴ സാനി എന്നിവർ. റവ. ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിലാണ് സ്ഥാപകവികാരി. പള്ളി



വൈദികമന്ദിരം



മതബോധന ഹാൾ

യുടെ കൂദാശാകർമ്മത്തിന് കുറച്ചു കാലം മുമ്പ് സിമിത്തേരി സജ്ജമാക്കി വെഞ്ചരിക്കുകയുണ്ടായി.

റവ. ഫാ. പോൾ ചിറയത്തിന്റെ കാലഘട്ടത്തിലാണ് കുടുംബസമ്മേളനത്തിന്റെ പ്രാരംഭം. പിന്നീട് വന്ന ബഹു. ജോബ് ചിറ്റിലപ്പിള്ളിയച്ചന്റെ അഭിപ്രായമനുസരിച്ച് കൂടുതൽ സമീപസ്ഥമായ കുമ്പിടി പള്ളിയിലെ വികാരിമാരെയാണ് സൗകര്യാർത്ഥം അന്നമനട പള്ളിയിലെ വികാരിമാരായി നിയോഗിച്ചിരുന്നത്. 24.11.1995-ൽ ബഹു. സെബാസ്റ്റ്യൻ കരിപ്പായി അച്ചന്റെ നേതൃത്വത്തിൽ ഇടവകയുടെ ദശവത്സരാഘോഷ വേളയിലാണ് 8 ലക്ഷം രൂപ ചെലവിൽ ബൃഹത്തായ മതബോധന ഹാളും, അനുബന്ധിച്ച് വൈദികമന്ദിരവും പണിതത്. പ്രസ്തുത സംഖ്യയിൽ 1 ലക്ഷം രൂപ നാട്ടുകാരിൽ നിന്നും ബാക്കി 7 ലക്ഷം രൂപ റവ. സി. റേജിസ് സി.എച്ച്.എഫ്. വഴി വിദേശത്തു നിന്നുമാണ് സംഭാവനയായി ലഭിച്ചത്.

ഇടവകജനത്തിന്റെ ചിരകാലാഭിലാഷമനുസരിച്ച് 1997-ൽ സ്വതന്ത്ര ചുമതലയുള്ള വികാരിയായി റവ. ഫാ. റാഫേൽ പഞ്ഞിക്കാരനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ഇടവകയുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക് ഇത് വഴിവച്ചു. ഇക്കാലയളവിൽ 1999-ലാണ് വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുനാൾ ആരംഭിച്ചത്.

## മഠങ്ങൾ, സ്ഥാപനങ്ങൾ

തിരുക്കുടുംബ സന്യാസിനീസമൂഹത്തിന്റെ പാവനാത്മ പ്രോവിൻസിന്റെ കീഴിൽ ഒരു ശാഖാഭവനവും അതിനോടുചേർന്ന് വികലാംഗരായ ബാലികമാർക്കുവേണ്ടിയുള്ള ആശാഭവൻ എന്ന സ്ഥാപനവും പള്ളിക്ക് സമീപം പണിതീർത്ത് 1993 ഏപ്രിൽ 18-ന് അഭിവന്ദ്യപിതാവ് വെഞ്ചരിച്ചു. ആശാഭവനിൽ 40-ൽ പരം കുട്ടികൾ താമിച്ച് പഠനവും പരിശീലനവും നടത്തുന്നു.

കൂടാതെ, 2000 ഒക്ടോബർ 27ന് സ്പെയിനിലെ Sevilla ആസ്ഥാനമായുള്ള Our Lady of Mercy



ഹോളി ഫാമിലി കോൺവെന്റ് & ആശാഭവൻ

എന്ന സന്യാസിനീസമൂഹം ഇന്ത്യയിൽ ഇദംപ്രഥമമായി ഈ ഇടവകയിൽ ജംഗ്ഷനു സമീപം ഒരു ഭവനം സ്ഥാപിച്ചു. അവരുടെ സന്യാസ പരിശീലന കേന്ദ്രം കൂടിയാണിത്.

## കപ്പേളകൾ

അന്നമനട പള്ളി പണിയുന്നതിന് വർഷങ്ങൾക്ക്




മേഴ്സി കോൺവെന്റ്

മുമ്പുതന്നെ ബഹു. ജോർജ്ജ് മാളിയേക്കലച്ചന്റെ കാലത്ത് എടയാറ്റൂർ ഭാഗത്ത് സെന്റ് സെബാസ്റ്റ്യൻസ് കപ്പേള സ്ഥാപിതമായിരുന്നു. 1999-ലാണ് പള്ളിയുടെ ഗെയ്റ്റിന് സമീപം ക്രിസ്തുരാജന്റെ ചെറിയ കപ്പേള സ്ഥാപിതമായത്.

1983-ൽ കുടുംബയൂണിറ്റുകൾക്ക് എളിയ തുടക്കം കുറിച്ചെങ്കിലും പിന്നീട് വർഷങ്ങൾക്കുശേഷം 1991 സെപ്റ്റംബറിലാണ് നിയതമായ പേരും പ്രവർത്തനപരിപാടികളുമായി ആവിഷ്ക്കരിച്ചത്. ആദ്യമേ 4 യൂണിറ്റുകളായിരുന്നു. പുനർവിഭജനത്തെത്തുടർന്ന് ഇപ്പോൾ 5 യൂണിറ്റുകളായി പുരോഗമിക്കുന്നു. ബഹു. റാഫേൽ പഞ്ഞിക്കാരനച്ചനുശേഷം വികാരിയായി വന്ന ബഹു. ജോബ് ചിറ്റിലപ്പിള്ളിയച്ചന്റെ നേതൃത്വ



ക്രിസ്തുരാജ കപ്പേള



സെന്റ് സെബാസ്റ്റ്യൻ കപ്പേള
എടയാറ്റൂർ

ത്തിൽ 2002-ലാണ് മതബോധനത്തിന്റെയും സംഘ ടനകളുടെയും സൗകര്യാർത്ഥം ജൂബിലി മന്ദിരം പണിതത്. പ്രഥമ ഇടവകഡിറക്ടറി തയ്യാറാക്കി പ്രസിദ്ധീകരിച്ചതും ഇത്തരുണത്തിലാണ്. പിന്നീട് അജപാലനദൗത്യം ഏറ്റെടുത്ത ബഹു. സെബി കാഞ്ഞിലശ്ശേരിയച്ചൻ പള്ളിയകം സീലിംഗ് നട ത്തുന്നതിനും പ്രധാന കവാടം മനോഹരമാക്കു ന്നതിനും ഉത്സാഹിച്ചു. 2006-ൽ ചാർജ്ജെടുത്ത ബഹു. ആന്റണി മഞ്ഞളിയച്ചന്റെ കാലഘട്ട ത്തിൽ സിമിത്തേരിയിൽ കപ്പേള പണിയുന്നതിനും കൊടിമരം നവീകരിക്കുന്നതിനും മതബോധന സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജൂബിലി മന്ദിരം വിപുലപ്പെടുത്തുന്നതിനും ഇടയായി. 2006 മാർച്ച് 31-ന് ഇടവകയുടെ ഔദ്യോഗിക ജിഹ്വയായ പാരിഷ് ബുള്ളറ്റിന്റെ പ്രകാശനകർമ്മം അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ ഇടവക സന്ദർശ നവേളയിൽ നിർവ്വഹിക്കുകയുണ്ടായി. കൂടാതെ, സി. എൽ.സി. യുടെ ആഭിമുഖ്യത്തിൽ പുതിയ പാരിഷ് ഡിറക്ടറി പ്രകാശനം ചെയ്തു. 2008 ജനുവരി 31-ന് വികാരിയായി ചാർജ്ജെടുത്ത സ്ഥാപക വികാരി റവ. ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ പള്ളിയുടെ രജത ജൂബിലിയെ ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചത്. ഇപ്പോ ഴത്തെ വികാരി റവ. ഫാ. ജോൺ വാഴപ്പിള്ളിയാണ്.